## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2293 — 23.01.2014 ൽ മറുപടിയ്ക്ക്

### ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്ക്കരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്ക്കരിക്കുന്നതിന് നീലംപേരൂരിൽ സ്ഥാപിച്ചിരിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ശരാശരി എത്ര ബോട്ടുകളുടെ മാലിന്യം പ്രതിദിനം സംസ്ക്കരിക്കുന്നുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) നീലംപേരൂർ പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിന്റെ സ്ഥാപിത ശേഷി പ്രതിദിനം 180 കിലോ ലിറ്റർ (1,80,000 ലിറ്റർ) ആണ്. ഒരു ബെഡ്റൂമുള്ള ഹൗസ് ബോട്ടിൽ നിന്നും പ്രതിദിനം ശരാശരി 250 ലിറ്റർ എന്ന തോതിൽ മലിനജലം ശേഖരിക്കുന്നു എന്ന് കണക്കാക്കുന്നു. അതുപ്രകാരം ഒറ്റ ബെഡ്റൂമുള്ള 720 ഹൗസ് ബോട്ടുകളിലെ മലിനജലം പ്രതിദിനം ടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ശേഖരിക്കാൻ കഴിയും. 2 ബെഡ്റൂം വീതമുള്ളതാണെങ്കിൽ 360 ബോട്ടുകളുടെയും 3 ബെഡ് റൂം വീതമുള്ളതാണെങ്കിൽ 240 ബോട്ടുകളിലെയും മലിനജലം ശേഖരിക്കുവാൻ മേൽ സംവിധാനം പര്യാപ്തമാണ്. |
| (ബി) ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്ക്കരിക്കുന്നതിന് ടൂറിസം സർക്ക്യൂട്ട് പദ്ധതിയുടെ ഭാഗമായി വട്ടക്കായലിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) വട്ടക്കായലിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മണ്ണ് പരിശോധന നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ